പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5046 06-02-2014-ൽ മറുപടിക്ക്.

യുവാക്കളിലെ മദ്യപാനാസക്തി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>ശ്രീമതി കെ. കെ. ലതിക:<br>ശ്രീ. കെ. വി. വിജയദാസ്:<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മദ്യപാനാസക്തി വർദ്ധിച്ചു വരുന്നതും യുവാക്കൾക്കിടയിൽ ഈ പ്രവണത ഏറി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യുവാക്കൾക്കിടയിൽ മദ്യാസക്തി കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മദ്യപാന വിപത്തിനെതിരെ സാമൂഹ്യാവബോധം പ്രചരിപ്പിക്കാൻ എന്തെങ്കിലും കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മദ്യത്തിൽ നിന്നുള്ള വരുമാനവും ബോധവൽക്കരണത്തിനുള്ള പദ്ധതി അടങ്കലും സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | ഉണ്ട്. മദ്യപാന വിപത്തിനെതിരെ സാമൂഹ്യാവബോധം സൃഷ്ടിക്കാൻ ശക്തമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി., മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവേ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (സി) | വ്യാജവാറ്റും അതുപോലുള്ള സംവിധാനങ്ങളും തടയുന്നതിന് കർശന നടപടി സ്വീകരിക്കാമോ; | (സി) | വ്യാജവാറ്റും അതുപോലുള്ള സംവിധാനങ്ങളും തടയുന്നതിനുള്ള കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനെല്ലാം അനുസൃതമായി മദ്യനയത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ? | (ഡി) | ഇതെല്ലാം ഉൾക്കൊണ്ടതാണ് ഇപ്പോഴത്തെ മദ്യനയം. |

സെക്ഷൻ ആഫീസർ